പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1360

02 .03.2017-ൽ
മറുപടിയ്ക്ക്

# ' കർഷകരുടെ ഭൂനികുതി '

ചോദ്യം
ശ്രീ. പുരുഷൻ കടലുണ്ടി

മറുപടി
ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) കാരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപ്പാറ വില്ലേജുകളിലെ ചില കർഷകരുടെ ഭൂനികുതി സ്വീകരിക്കാത്തത് സംബന്ധിച്ച് മുഖ്യമന്ത്രി 03/08/2016-ന് വിളിച്ചു ചേർത്ത ഉന്നതതല യോഗ തീരുമാനങ്ങൾ അറിയിക്കാമോ;

(എ) മേൽ പരാമർശിച്ച വില്ലേജുകളിലെ ഭൂമിയിൽ 01/01/1977-നു മുമ്പുള്ള കൈവശക്കാരിൽ നിന്നു നികുതി സ്വീകരിക്കാൻ തീരുമാനിച്ചു. ബാക്കിയുള്ള കൈവശക്കാരുടെ ഭൂമിയിൽ വനം-റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ 3 മാസത്തിനുള്ളിൽ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അടിയന്തിര നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കുവാനും തീരുമാനിച്ചിരുന്നു.

(ബി) ഈ വില്ലേജുകളിൽ 01/01/1977-നു മുമ്പുള്ള പരാതിക്കാരായ എത്ര കർഷകരിൽ നിന്നും നികുതി സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ആയതിന്റെ കാരണമറിയിക്കാമോ;

(ബി) ആരിൽ നിന്നും നികുതി സ്വീകരിച്ചിട്ടില്ല; 06/09/2016-നു ജില്ലാ കളക്ടറുടെ ചേമ്പറിൽ വെച്ചു ചേർന്ന അവലോകന യോഗ തീരുമാന പ്രകാരം 1991-ൽ തയ്യാറാക്കിയതും, റെയ്ഞ്ച് ഓഫീസർ, തഹസിൽദാർ, റവന്യു ഡിവിഷണൽ ഓഫീസർ എന്നിവർ ഒപ്പിട്ട ഫോട്ടോ പതിച്ച ജോയിന്റ് വെരിഫിക്കേഷൻ റിക്കോർഡ് ഹാജരാക്കുന്ന മുറയ്ക്ക് നികുതി സ്വീകരിയ്ക്കാവുന്നതാണെന്നു കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് 08/09/2016-നു നികുതി സ്വീകരിക്കുന്നതിനു ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്കു നിർദ്ദേശം നൽകാൻ കൊയിലാണ്ടി, താമരശ്ശേരി തഹസിൽദാർമാർക്കു ജില്ലാ കളക്ടർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളുടെ പരിധിയിൽ ജോയിന്റ് വെരിഫിക്കേഷൻ റെക്കാർഡ് ഹാജരാക്കി ആരും നികുതി അടവാക്കിയിട്ടില്ല.

(സി) 03/08/2016-ലെ യോഗ തീരുമാന പ്രകാരമുള്ള ജോയിന്റ് വെരിഫിക്കേഷൻ നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമറിയിക്കാമോ?

(സി) വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തുന്നതിനു മുമ്പുള്ള പ്രാഥമിക സർവ്വേ നടത്തി വരുന്നുണ്ട്. സംയുക്ത പരിശോധന പ്രകാരം തയ്യാറാക്കിയ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, തഹസിൽദാർ, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർ ഒപ്പിട്ട ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ഡി. എഫ്. ഒ. ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ, മേൽ വിഷയവുമായി ബന്ധപ്പെട്ട തുടർ നടപടികൾക്കായി തഹസിൽദാർ, ഡി. എഫ്. ഒ., റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

RG.